# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3583 | 17/12/2015 ൽ മറുപടിയ്ക്ക്

## അപകടങ്ങളിലും ദുരന്തങ്ങളിലും പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്കുള്ള സഹായം

### ചോദ്യം

ശ്രീ. പി. തിലോത്തമൻ

(എ) അപകടങ്ങളിലും ദുരന്തങ്ങളിലും പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിജ്ഞാപനമോ, വകുപ്പുതല കത്തുകളോ, പരിപത്രമോ ഇറക്കിയിട്ടുണ്ടോ; എങ്കിൽ ആയവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

### ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) യും (ബി) യും

കാലാകാലങ്ങളിൽ സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായം നല്കി വരുന്നു. വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാത്തതും, അപകടമരണം സംഭവിച്ച് 1 വർഷത്തിനകം അപേക്ഷ സമർപ്പിക്കുന്നതുമായ അപേക്ഷകർക്കാണ് ധനസഹായം അനുവദിക്കുന്നത്.

വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

(സി) ആലപ്പുഴ ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ഇപ്രകാരം മരണമടഞ്ഞ എത്ര പേരുടെ കുടുംബങ്ങൾക്ക് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച താലൂക്ക് തിരിച്ചുള്ളതും ഒരു ലക്ഷം, രണ്ട് ലക്ഷം, മൂന്ന ലക്ഷം എന്നിങ്ങനെ ഓരോ വിഭാഗത്തിലും ആകെ എത്ര കേസുകളിലായി എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുന്ന കണക്ക് നൽകാമോ;

(ഡി) വി.ഐ.പി-കളുടെ ശുപാർശകളിലൂടെ എത്തുന്ന ഇത്തരം കേസുകളിൽ അനുവദിച്ചിട്ടുള്ളത് എത്ര തുക വീതമാണ്, ഓരോ വി.ഐ.പി-കളുടേയും ശുപാർശകളിൽ എത്ര കേസുകളിലായി എത്ര തുക ആകെ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

(സി) യും (ഡി) യും

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിൻെറ കണക്ക് രോഗത്തിൻെറ വിവരം/അത്യാഹിതത്തിൻെറ സ്വഭാവം/ വി.ഐ.പി കളുടെ ശുപാർശ എന്നിവയനുസരിച്ച് തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ